(ബി) പ്രസ്തുത കൃത്യം എപ്പോൾ നിർവഹിക്കും ;

(സി) കൊട്ടങ്ങല്ലൂരിലെ റോഡും, ഡിസ്ട്രിക്ട് റോഡുമാക്കുവാൻ നിവേദനം കിട്ടിയിട്ടുണ്ടോ ;

(ഡി) അതു് എപ്പോൾ നിവ്വഹിക്കും ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഈ റോഡുകൾ ഡിസ്ട്രിക്ട് റോഡുകളുടെ പട്ടികയിൽപ്പെടുത്തുവാൻ വേണ്ട നടപടികൾ എടുത്തുവരികയാണു്.

കാർഷികോല്പന്നങ്ങളുടെ വിലയിടിവു്.

220. [11] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോല്പന്നങ്ങളുടെ വിലയിടിവു് ഈ നാട്ടിലെ സാധു കർഷകർക്കു് പല കഷ്ടനഷ്ടങ്ങളും ഉണ്ടാക്കുന്നുവെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരച്ചീനി, കുരുമുളകു്, തുടങ്ങിയവയുടെ വിലയിടിവിനുള്ള കാരണം ഗവണ്മെൻറ വിശദമാക്കുമോ ;

(സി) ഇവയുടെ വിലയിടവു നിയന്ത്രിച്ചു് കർഷകർക്കു് ആശ്വാസം നൽകുന്നതിനു് വേണ്ട സത്വര നടപടികൾ ഗവണ്മെൻറ സ്വീകരിക്കുമോ ?

ഉത്തരം.

(എ) വിലയിടിവുമൂലം കർഷകരുടെ വരുമാനത്തിനു് വീഴ്ചകൾ നേരിട്ടിട്ടുണ്ടു്.

(ബി) ധാന്യങ്ങളുടെ വർദ്ധിച്ച ഉൽപ്പാദനം, മറ്റു രാജ്യങ്ങളുടെ മത്സരം മുതലായ കാരണങ്ങളെക്കൊണ്ടു് മരച്ചീനി, കുരുമുളകു് തുടങ്ങിയവയുടെ വില ഇടിഞ്ഞിരിക്കുന്നു.

(സി) ഗവണ്മെൻറു് ഈ സംഗതികളെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

വക്കല ഹരിജൻ കോളനി.

221. [12] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കല ഹരിജൻ കോളനിക്കു് പിന്നാക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നു ഗ്രാൻറു് നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തുക ;

LIBRARY ARCHIVES Kerala Legislative Assembly